കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി10/1896/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി: 02.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തരൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി10/1896/2017 തിയ്യതി: 02.11.2017

പാലക്കാട് ജില്ലയില തരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28-10-2016 മുതൽ 02-8-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പി.എം. രതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 2-8-2017 മുതൽ 10-8-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| സ/ശ്രീ. കെ.ജി.റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കെ.സി.ഹരിഗോബിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| എം.ശിവപ്രസാദ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മനോജ്കുമാർ | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീമതി.അനുപമ | 1-4-2016 മുതൽ 31-3-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.റസൂൽ ഹാരിസ് | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ - 1 | ശ്രീമതി.ശ്രീവിദ്യ | 1-4-2016 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വത്സലാദേവി | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.പി.ഗോപാലകൃഷ്ണൻ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.രാമകൃഷ്ണൻ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ശ്രീ.സുരേഷ്ബാബു | 1-4-2016 മുതൽ 31-3-2017 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ശ്രീ.പ്രേംകുമാർ | 1-4-2016 മുതൽ 31-3-2017 വരെ |
| എച്ച്.എം | ശ്രീമതി.വള്ളിദൈവാനി | 1-4-2016 മുതൽ 31-3-2017 വരെ |
| അസി.സെക്രട്ടറി | ശ്രീ. പ്രവീൺ.പി.ഐ | 1-4-2016 മുതൽ 31-3-2017 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അനുബന്ധ പത്രിക | 1-11 |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തൊഴിൽ നികുതി പരിശോധനയിൽ കണ്ട അപാകതകൾ | 2-1 |
| 2 | തനത് വരുമാനം സൂക്ഷിക്കാത്തതിന് ഒന്നിലധികം അക്കൗണ്ട് സൂക്ഷിക്കുന്നത് ക്രമവിരുദ്ധം | 2-2 |
| 3 | നിഷ്ക്രിയ അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടില്ല | 2-3 |
| 4 | വെള്ളക്കരം ഇനത്തിൽ ഭീമമായ കുടിശ്ശിക - ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല | 2-4 |
| 5 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 2-5 |
| 6 | ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് | 2-6 |
| 7 | പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ | 2-7 |
| 8 | ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല | 2-8 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഒഴിവാക്കി | 3-1 |
| 2 | എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ- സർക്കാർ ഉദ്യോഗസ്ഥന്റെ മകൾക്ക് നൽകിയത് മാർഗ്ഗരേഖ വിരുദ്ധം - തുക ഈടാക്കേണ്ടതാണ്. | 3-2 |
| 3 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കിയത് സംബന്ധിച്ച് | 3-3 |
| 4 | ഒഴിവാക്കി | 3-4 |
| 5 | ഒഴിവാക്കി | 3-5 |
| 6 | പദ്ധതി വിഹിതം വിനിയോഗിച്ചതിനുള്ള രേഖകളും/കണക്കുകളും ഹാജരാക്കേണ്ടതാണ്. | 3-6 |
| 7 | സാക്ഷരതാ പ്രേരകിന് അനുവദിച്ച ഹൊണറേറിയം - 51238/- രൂപ ക്രമീകരിച്ചിട്ടില്ല | 3-7 |
| 8 | 2015-16 വർഷത്തിൽ തനത് ഫണ്ടുപയോഗിച്ച് നടത്തിയ പ്രവർത്തിക്കുള്ള തുക റീക്കപ്പ് ചെയ്തത് - സംബന്ധിച്ച് | 3-8 |
| 9 | വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കലിന് അനുവദിച്ച തുകക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3-9 |
| 10 | കന്നുകുട്ടി പരിപാലന പദ്ധതി വിഹിതം അനുവദിച്ചതിനുള്ള ധനവിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്. | 3-10 |
| 11 | തെരുവ് വിളക്കുകളെ - സംബന്ധിച്ച് | 3-11 |
| 12 | എസ്.സി. ഭവന നിർമ്മാണ പദ്ധതി വിഹിതം ഭാഗികമായി കൈപ്പറ്റി പണി പൂർത്തിയാക്കാത്തത് - സംബന്ധിച്ച്. | 3-12 |
| 13 | കുടിവെള്ള വിതരണവും വെള്ളക്കരവും സംബന്ധിച്ച്. | 3-13 |
| 14 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കാത്തത് - സംബന്ധിച്ച് | 3-14 |
| 15 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്. | 3-15 |
| 16 | ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം- അവലോകനം | 3-16 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 19-3-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 30-6-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച്

## സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2573762.91 |
| വരവ് | 52987745 |
| ആകെ | 55561507.91 |
| ചെലവ് | 49375322 |
| നീക്കിയിരിപ്പ് | 6186185.91 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13820246 | 13820246 | 9718586 | 4101660 |
| വികസനഫണ്ട് എസ്.സി.പി | 0 | 8832378 | 8832378 | 5011288 | 3821090 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 6185367 | 6185367 | 2545926 | 3639441 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3650436 | 3650436 | 3641583 | 8853 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7750287 | 7750287 | 7207206 | 543081 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 5676 | 36998083 | 37003759 | 37003759 | 0 |
| കെഎൽ.ജി.എസ്.ഡി.പി (കേന്ദ്ര വിഹിതം) | 0 | 4860588 | 4860588 | 3833864 | 1026724 |
| കെഎൽ.ജി.എസ്.ഡി.പി (സംസ്ഥാന വിഹിതം) | 0 | 1066773 | 1066773 | 270000 | 796773 |

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് % |
|---|---|---|---|---|---|---|
| 160 | 65193398/- | 93 | 33315953/- | -- | 67 | 51.10% |

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 58 % പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 51% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 5 | 4142780 | 3042500 | 73.44 |
| വെറ്ററിനറി സർജ്ജൻ | 2 | 1 | 2635000 | 468750 | 17.78 |
| മെഡിക്കൽ ഓഫീസർ-CHC | 2 | 2 | 632631 | 577085 | 91.21 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 1 | 900000 | 800000 | 88.88 |
| വി.ഇ.ഒ - 1&2 | 12 | 8 | 11616100 | 6742000 | 58.04 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2 | 2 | 4395000 | 3289616 | 74.84 |
| സെക്രട്ടറി | 23 | 12 | 5363638 | 3124643 | 58.25 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 91 | 53 | 27064482 | 11654929 | 43.06 |
| എച്ച്.എം | 5 | 2 | 1588889 | 1041000 | 65.51 |
| അസി.സെക്രട്ടറി | 13 | 6 | 6754878 | 2475430 | 36.64 |
| ആകെ | 160 | 93 | 65193398/- | 33315953/- | 51.10% |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 1624548 | 2358234(+) | 733686(+) | 45.12%(+) |
| നികുതിയേതര വരവുകൾ | 667678 | 762217(+) | 94539(+) | 14.15%(+) |
| മറ്റുള്ളവ | 186331 | 157909(-) | 28422(-) | 15.25%(-) |
| ആകെ | 2478557 | 3278360 | 799803(+) | 32.27%(+) |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | തീരുമാനം എടുത്തതിൽ നിരസിച്ചവ | കാല താമസത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 56 | 56 | 3 | കാലതാമസം ഇല്ല. |
| 2 | തൊഴിൽ രഹിത വേതനം | 20 | 20 | 18 | കാലതാമസം ഇല്ല. |
| 3 | വിധവാ പെൻഷൻ | 84 | 84 | 3 | കാലതാമസം ഇല്ല. |
| 4 | വികലാംഗ പെൻഷൻ | 14 | 14 | 2 | കാലതാമസം ഇല്ല. |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 3 | - | കാലതാമസം ഇല്ല. |
| 6 | വാർദ്ധക്യകാല പെൻഷൻ | 386 | 386 | 42 | കാലതാമസം ഇല്ല. |
| 7 | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 11 | 11 | - | കാലതാമസം ഇല്ല. |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2-8-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 1760/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച്

ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-10-2016 | 1-9-16 മുതൽ 30-9-2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-7-08 | 2007-08 | 28-5-10 |

## 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പരിശോധനയിൽ കണ്ട അപാകതകൾ

1. വിമുക്ത ഭടന് തൊഴിൽ നികുതിയിൽ ഇളവ് നൽകി- നഷ്ടം രൂ.2500/-

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15-10-2010 ലെ 34134/എഫ്.എം1/2007 -ാം നമ്പർ കത്ത് പ്രകാരം വിമുക്ത ഭടന്മാരെ തൊഴിൽ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ കഴിയുകയില്ലെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ 2016-17ൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, അത്തിപ്പൊറ്റ ശാഖയിലെ ശ്രീ. ജയശങ്കർ.വി എന്ന ജീവനക്കാരന് (ഹെഡ് കാഷ്യർ) വിമുക്ത ഭടൻ എന്ന ആനുകൂല്യം നൽകി തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ഇളവ് നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 2500 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അർദ്ധവർഷം | അടിസ്ഥാന ശമ്പളം | ഡി.എ | അലവൻസ് | ആകെ | അടയ്ക്കേണ്ട നികുതി |
|---|---|---|---|---|---|
| ഒന്നാം അർദ്ധവർഷം | 1,56,682 | 69,822 | 40,707 | 2,67,211 | 1250 |
| രണ്ടാം അർദ്ധവർഷം | 1,88,205 | 88,814 | 94,048 | 3,71,067 | 1250 |

| | |
|---|---|
| ആകെ | 2500 |

2. <u>തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത്. ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യാപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

3. സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ വിട്ടുപോയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല

4. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അടയ്ക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ | I & II 2016-17 |
| 2 | കാനറ ബാങ്ക് | II 2016-17 |
| 3 | സർവ്വീസ് സഹകരണ ബാങ്ക് പഴമ്പാലക്കോട് | II 2016-17 |
| 4 | ക്ഷീരോൽപ്പാദക സഹകരണ സംഘം, ചിറക്കോട് | I & II 2016-17 |
| 5 | ക്ഷീരോൽപ്പാദക സഹകരണ സംഘം, മരുതക്കോട് | I & II 2016-17 |
| 6 | ക്ഷീരോൽപ്പാദക സഹകരണ സംഘം, ചാല്യംപുള്ളി | I & II 2016-17 |
| 7 | ക്ഷീരോൽപ്പാദക സഹകരണ സംഘം, പഴമ്പാലക്കോട് | I & II 2016-17 |

5. BSNL ൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

ബഹു. കേരളാ ഹൈക്കോടതിയുടെ 7-9-2016 ലെ WP(C)No.16670/2006 നമ്പർ വിധി ന്യായത്തിൽ പ്രകാരം ബി.എസ്.എൻ.എൽ – നെ സ്ഥാപന തൊഴിൽനികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2016-17 വർഷത്തെ

തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ബി.എസ്.എൻ.എൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

6. പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് 2016-17 ൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അർബ്ബൻ കോപ്പറേറ്റീവ് ബാങ്ക്, അമ്പലക്കാട് |
| 2 | എൻ.എസ്.എസ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ<br>പഴമ്പാലക്കോട് |
| 3 | മലബാർ ബേസിക് സ്കൂൾ, അത്തിപ്പൊറ്റ |
| 4 | മർകസ് സെൻട്രൽ ഇംഗ്ലീഷ് മീഡിയം, വാവുള്ള്യാപുരം |
| 5 | അൽ ഇർഷാദ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, തോണിപ്പാടം |
| 6 | എസ്.എൻ. ഇംഗ്ലീഷ് മീഡിയം സ്കൂൾ, കോഴിക്കാട് |
| 7 | ക്ഷീരോൽപ്പാദക സഹകരണ സംഘം, മരുതക്കോട് |
| 8 | ക്ഷീരോൽപ്പാദക സഹകരണ സംഘം,<br>ചാല്യംപുള്ളി |

7. പഞ്ചായത്തിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീപ്പ് ഡ്രൈവറിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

8. തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുന്നില്ല - വാർഷിക ധനകാര്യ പത്രിക പ്രകാരം 5840/- രൂപ കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്.

പഞ്ചായത്തിനു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായിത്തീരുന്നതാണ്. (ഓഡിറ്റ് അന്വേഷണം 8/9.8.17)

മേൽ പരാമർശിച്ച അപാകതകളിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തനത് വരുമാനം സൂക്ഷിക്കുന്ന ഒന്നിലധികം അക്കൗണ്ട് നിലനിർത്തുന്നത് ക്രമവിരുദ്ധം

സർക്കുലർ നം. 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ തിയതി 26-5-2011 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുത് എന്നും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തനത് വരുമാനം സൂക്ഷിക്കാൻ ട്രഷറി അക്കൗണ്ടിന് പുറമെ 3 ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിപ്പ് |
|---|---|---|---|
| 1 | SBT OWN FUND | 57046740417 | ₹2,620,601.91 |
| 2 | UNION BANK OWN FUND | 260276270 | ₹ 795000 |
| 3 | SERVICE COOPERATIVE BANK PAZHAMBALAKODE -OWN FUND | 2223 | ₹ 8723 |

സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം ഒറ്റ ബാങ്ക് അക്കൗണ്ടിൽ മാത്രം സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 നിഷ്ക്രിയ അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് വ്യത്യസ്ത ആവശ്യങ്ങൾക്ക് വേണ്ടി മുൻവർഷങ്ങളിൽ ആരംഭിച്ചതും എന്നാൽ കാലാകാലങ്ങളായി ഇടപാടുകൾ ഇല്ലാത്തതുമായ 3 ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ അവശേഷിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. | എ.എഫ്.എസ് പ്രകാരം അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | കനറാബാങ്ക്, (സാക്ഷരത) | 0832101008979 | ₹ 8796 |
| 2 | പഴമ്പാലക്കോട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് ഇ.എം.എസ് ഭവന പദ്ധതി) | 5199 | ₹ 100 |
| 3 | പഴമ്പാലക്കോട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് വാട്ടർ ഷെഡ് പ്രോഗ്രാം | 4322 | ₹ 76759 |

നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വെള്ളക്കരം ഇനത്തിൽ ഭീമമായ കുടിശ്ശിക - ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് നടത്തിപ്പോരുന്ന 9 കുടിവെള്ള പദ്ധതികളിലുമായി ആകെ 860/- ഗാർഹിക കണക്ഷനുകളും 194 ഗാർഹികേതര കണക്ഷനുകളുമാണുള്ളത്. വെള്ളക്കരം ഇനത്തിൽ ലഭ്യമാക്കുവാനുള്ള കുടിശ്ശികയുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/9.8.2017) ലഭ്യമാക്കിയ മറുപടിയിൽ ഗാർഹിക കണക്ഷനുകൾക്കും ഗാർഹികേതര കണക്ഷനുകൾക്കും 50-രൂപ നിരക്കിൽ വെള്ളക്കരം ഈടാക്കി വരുന്നതായും യഥാസമയം വെള്ളക്കരം അടയ്ക്കാത്തവരിൽ നിന്നും പ്രതിമാസം 5 രൂപ പിഴ ഈടാക്കുന്നതായും അറിയിച്ചിട്ടുണ്ട്. വെള്ളക്കരം ഇനത്തിൽ തൻവർഷം 3,41,561/-രൂപയും മുൻവർഷങ്ങളിലെ 6,05,500/-രൂപയും കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുണ്ട്. താഴെ പറയുന്ന ഉപഭോക്താക്കൾ കണക്ഷൻ എടുത്ത കാലം മുതൽ നാളിതു വരെ വെള്ളക്കരം അടച്ചതായി കാണുന്നില്ല.

| ക്രമനമ്പർ | കൺസ്യൂമർ നമ്പർ | ഉണഭോക്താവിന്റെ പേര് | വീട്ട് നമ്പർ |
|---|---|---|---|
| 1 | 903 | പ്രിയ w/o കുഞ്ഞുമോൻ പുത്തൻപുരക്കൽ പഴമ്പാലക്കോട് | III/1096 |

| | | | |
|---|---|---|---|
| 2 | 904 | സരോജിനി അമ്മ<br>കൊട്ടിയിങ്കൽ<br>പഴമ്പാലക്കോട് | III/398 |
| 3 | 905 | ബദറുദ്ദീൻ w/o തങ്കമണി<br>പഴമ്പാലക്കോട് | II/845 |
| 4 | 907 | മുരളി കൃഷ്ണദാസ്<br>ഇരുമ്പാല പറമ്പ്<br>പഴമ്പാലക്കോട് | I/1215 |
| 5 | 896 | പഴണിമല s/o രാമൻ<br>കുളക്കാട്<br>തരൂർ | V/583 |
| 6 | 887 | തായു w/o വേലായുധൻ<br>കുളക്കാട്, തരൂർ | V/33 |

വെള്ളക്കരം കുടിശ്ശിക ഈടാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടായിട്ടില്ല. തനത് വരുമാനം കുറവായ പഞ്ചായത്തിൽ ലഭ്യമാകേണ്ട വരുമാനം ഈടാക്കാത്തതിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

## 2-5 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ആയതിന് പഞ്ചായത്ത് നാളിതു വരെ നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ ധനസഹായം നൽകുന്നതിനായി ഫണ്ടിനു വേണ്ടി തുക സ്വരൂപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

## 2-6 ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ്

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന കോഴി ഫാമുകൾക്ക് ഡി&ഒ ലൈസൻസ് ഫീസിനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിലും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം അനുസരിച്ചുള്ള ലൈവ്സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് (അ) നം.101/2012/തസ്വഭവ തിയതി 13-4-2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴിഫാമുകളും ഡയറി ഫാമുകളും ലൈവ്സ്റ്റോക്ക് ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. മുഴവൻ കോഴി ഫാമുകൾക്കും ലൈവ് സ്റ്റോക്ക് ലൈസൻസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7 പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

റവന്യൂ വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ കഴിഞ്ഞ വർഷങ്ങളിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ആയതിനാൽ നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന പരസ്യനികുതി, സേവന ഉപനികുതി എന്നിവ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

a) പരസ്യനികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ച വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാബൈലോ പ്രസിദ്ധീകരിക്കുകയോ പഞ്ചായത്തിൽ ബൈലോ തയ്യാറാക്കി പരസ്യനികുതി ഈടാക്കുകയോ ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

b) സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)

ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 2-8 ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല

a) വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കിയില്ല

വസ്തുനികുതി ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും 31.3.16 തീയതിയിലെ ഡിമാന്റ്, അരിയർ തുകകൾ വ്യക്തമാക്കുന്നതിന് വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വിലയിരുത്താൻ സാധിച്ചിട്ടില്ല.

b) ന്യൂ ബിൽഡിംഗ് രജിസ്റ്റർ, അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ ഓഡിറ്റ് കാലയളവിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എഴുതിയിട്ടുണ്ടെങ്കിലും സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപെടുത്തിയിട്ടില്ല.

മേൽ രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വിലയിരുത്താൻ സാധിച്ചിട്ടില്ല.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഒഴിവാക്കി

## 3-2 എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ - സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന നിബന്ധന പാലിച്ചില്ല

പ്രൊജക്ട് : 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ

പ്രൊജക്ട് നമ്പർ : 66 /17

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 2,50,000

ചെലവ് : 1,98,090

ബിൽ നമ്പർ : 6/16-17 dt 30.3.17

പ്രൊജക്ട് നമ്പർ 66/17 പ്രകാരം 8,9,10 ക്ലാസിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്കായി സൈക്കിൾ നൽകൽ എന്ന പ്രൊജക്ട് പ്രകാരം 40 സൈക്കിൾ വാങ്ങിയതിന് 1,98,090രൂപ (ബിൽ നമ്പർ 6/16-17 തീയ്യതി 30.3.17) ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | യൂണിറ്റ് വില | എണ്ണം | ആകെ തുക |
|---|---|---|---|---|
| 1 | ഹീറോ സൈക്കിൾ ബോയ്സ് | 4940 | 26 | 1,28,440 |
| 2 | ഹീറോ സൈക്കിൾ ഗേൾസ് | 4975 | 14 | 69,650 |
| ആകെ | | | | 1,98,090 |

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 4/2016 തസ്വഭവ തീ. 11.1.16 പ്രകാരം സൈക്കിൾ വാങ്ങിയത് സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന നിബന്ധന പ്രസ്തുത പ്രൊജക്ടിൽ പാലിച്ചിട്ടില്ല. പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖകൾ (ജി.ഒ.(എം.എസ്) 4/2016 തസ്വഭവ തീ. 11.1.16) പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ

## പൂർണ്ണമായി ലഭ്യമായിട്ടില്ല

(a)

| | |
|---|---|
| പ്രോജക്റ്റ് നം. | SOO73/17 |
| പേര് | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 8,00,000/- |
| ചെലവ് | 8,00,000/- |
| ബിൽ നം. / തീയ്യതി | 1/16-17/25/1/2017 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം. |

ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി 25.1.17 ലെ ഡി.ഡി. നം. 743632 പ്രകാരം 8,00,000/- രൂപ തൃശ്ശൂരിലെ ഔഷധിയിലേക്ക് നിർവ്വഹണോദ്യോഗസ്ഥനായ ആയുർവേദ ഡോക്ടർ അനുവദിച്ചിട്ടുണ്ട്. ആയതിന് ഔഷധി 4,15,222/- രൂപയുടെ മരുന്നുകൾ മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി തുകയായ 3,84,778/- രൂപയുടെ മരുന്നുകൾ നാളിത് വരെ ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിനുള്ള വിശദീകരണം 7.8.17ലെ അന്വേഷണ നം.7-ലൂടെ രേഖാമൂലം ആവശ്യപ്പെട്ടിരുന്നു.ആയതിനുള്ള രേഖാമൂലമുള്ള മറുപടിയിൽ ഔഷധിയുടെ മാർക്കറ്റിങ്ങ് മാനേജരുമായി മൂന്ന് പ്രാവശ്യം ഫോണിൽ ബന്ധപ്പെട്ടിരുന്നുവെന്നും 15 ദിവസത്തിനുള്ളിൽ ബാക്കി മരുന്നുകൾ വിതരണം ചെയ്യാമെന്നുമാണ് അറിയിച്ചിട്ടുള്ളതെന്നും നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ച് ആധികാരിക രേഖപ്പെടുത്തലുകളോട് കൂടിയ സ്റ്റോക്ക് രജിസ്റ്റർ സമയബന്ധിതമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(b) ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ മുഴുവനും ലഭ്യമായില്ല

ആയുർവേദ ആശുപത്രിയിലേക്ക് ഔഷധി ലഭ്യമാക്കിയ മരുന്നുകളുടെ ബില്ലുകളും ആയതിന്റെ വിശദവിവരങ്ങൾ അടങ്ങുന്ന സ്റ്റോക്ക് രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങൾ ലഭ്യമായിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു.

| ഇൻവോയ്സ് നം./ തീയ്യതി | മരുന്നിന്റെ പേര് | അളവ് | തുക | സ്റ്റോക്ക് രജിസ്റ്ററിലെ മരുന്നിന്റെ ക്രമ നം. |
|---|---|---|---|---|
| 3787/31.01.2017 | ഗുൽഗുലു പഞ്ചപലം | 10 | 3150/- | 237 |
| 5031/31.3.2017 | ഏലാദിഗണ ചൂർണ്ണം | 500 | 1890/- | 265 |
| 5031/31.3.2017 | മഞ്ജിഷ്ഠാദി കഷായം | 200(ml) ന്റെ 18 ബോട്ടിൽ | 1368/- | 266 |

| | | | | |
|---|---|---|---|---|
| ആകെ | | | 6408/- | |

മേൽ സാഹചര്യത്തിനുള്ള രേഖാമൂലമുള്ള വിശദീകരണം 7.8.17ലെ അന്വേഷണ നം.7 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ മേൽ സൂചിത പട്ടികയിലെ മരുന്നുകൾ വിതരണം ചെയ്തവയിൽ ഉണ്ടായിരുന്നില്ലായെന്നും ഷോർട്ട് സപ്ലൈ നോട്ട് പ്രകാരം വിവരം ഔഷധിയെ ധരപ്പിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ട്. കുറവായി സപ്ലൈ ചെയ്ത മരുന്നുകൾ അടുത്ത വിതരണത്തിൽ ഉൾപ്പെടുത്തുന്നതാണെന്ന് ഔഷധി അറിയിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിവരം മെയിൻ സ്റ്റോക്ക് രജിസ്റ്ററിലെ മരുന്നുകളുടെ ബന്ധപ്പെട്ട ഫോളിയോയിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. മേൽ വിശദീകരണ പ്രകാരം സപ്ലൈയിൽ കുറവ് വന്ന മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് യഥാവിധ രേഖപ്പെടുത്തലുകളോട് കൂടിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-4 ഒഴിവാക്കി

## 3-5 ഒഴിവാക്കി

## 3-6 പദ്ധതി വിഹിതം വിനിയോഗിച്ചതിനുള്ള രേഖകളും കണക്കുകളും ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം. | S0096/17 |
| പേര് | തരൂർ ഗ്രാമപഞ്ചായത്തിലെ എൽ.പി., സ്കൂളിലേയും, യുപി സ്കൂളിലേയും വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ |
| അടങ്കൽ | 3,00,000/- (സാധാരണ വിഹിതം – പൊതുവിഭാഗം) |
| ചെലവ് | 3,00,000/- |
| ബിൽ നം. / തീയ്യതി | 3/17-18/28/3/17<br>നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്, സ്കൂൾ |

തരൂർ ഗ്രാമപഞ്ചായത്തിലെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എൽ.പി., സ്കൂളിലേയും, യുപി സ്കൂളിലേയും വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കലിനായുള്ള പൊതുവിഭാഗ പദ്ധതി വിഹതമായ 3,00,000/- രൂപ

ജി.എം.എൽ.പി.എസ്, തോണിപ്പാടം മുഖേന നിർവ്വഹണം നടത്തുന്നതിനായി സെക്രട്ടറിയുടെ 27.03.17ലെ ഉത്തരവ് നം. 02/2017-18 പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.ആയതിന് പഞ്ചായത്തിന്റെ 8.3.17ലെ 2(8) നമ്പർ തീരുമാനവും ലഭിച്ചിട്ടുണ്ട്.മേൽ വിഹിതം വിനിയോഗിക്കുന്നതിനായി ജി.എം.എൽ.പി.എസ്, തോണിപ്പാടത്തിലെ ഹെഡ്മിസ്ട്രസ്സിന്റെ പേരിൽ ആലത്തൂർ സബ് ട്രഷറിയിൽ ഒരു എസ്.ടി.എസ്.ബി. അക്കൗണ്ട് ആരംഭിച്ച് തുക നിയമാനുസൃതം ചെലവഴിച്ച് വിഹിതം വിനിയോഗിച്ചതിനുള്ള രേഖ സഹിതം കണക്കുകൾ ഓഡിറ്റിനായി യഥാസമയം ഹാജരാക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രവും പദ്ധതി നിർവ്വഹണത്തിനാധാരമായ രേഖകളും/കണക്കുകളും ഓഡിറ്റിനായി ഹാജരാക്കുകയുണ്ടായില്ല. ആയതിന് 7.8.17ലെ അന്വേഷണ നം. 6 പ്രകാരം രേഖാമൂലമുള്ള വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും പദ്ധതി വിഹിതം വിനിയോഗിച്ചതിനാസ്പദമായ രേഖകളും/കണക്കുകളും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. രേഖകളും, കണക്കുകളും ഓഡിറ്റിനായി ഹാജരാക്കുന്നത് വരെ ഇതിലേക്കായി വകയിരുത്തിയ 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 സാക്ഷരതാ പ്രേരകിന് അനുവദിച്ച ഹൊണറേറിയം - 51238/- രൂപ ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ പ്രേരകിന് ഹൊണറേറിയം തനത് ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്.

വിശദവിവരങ്ങൾ :

| മാസം | വൗച്ചർ നം. /തീയ്യതി | തുക |
|---|---|---|
| മാർച്ച് 2016 | 21600066/30/04/2016 | 2,900/- |
| ഏപ്രിൽ 2016 | 41600033/3/6/16 | 2,900/- |
| മെയ് 2016 | 41600051/2/7/16 | 2,900/- |
| ജൂൺ 2016 | 21600256/27/7/2016 | 2,900/- |
| ജൂലൈ 2016 | 21600346/31/08/2016 | 2,900/- |
| ആഗസ്റ്റ് 2016 | 41600077/5/9/2016 | 2,900/- |
| സെപറ്റ്മ്പർ 2016 | 41600081/22/09/2016 | 2,900/- |

| | | |
|---|---|---|
| ഒക്ടോബർ 2016 | 216000616/30/11/2016 | 2,900/- |
| നവമ്പർ 2016 | 21600691/22/12/2016 | 2,900/- |
| ഡിസമ്പർ 2016 | 21600749/12/1/2017 | 2,900/- |
| ജനുവരി 2017 | 41600272/7/3/2017 | 10,238/- |
| ഫെബ്രുവരി 2017 | 21600997/30/03/2017 | 12,000/- |
| ആകെ | | 51,238/- |

G.O.(Rt) 27/17/gen.edn. Dt 7.1.17 പ്രകാരം തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-8 2015-16 വർഷത്തിൽ തനത് ഫണ്ടുപയോഗിച്ച് നടത്തിയ പ്രവർത്തിക്കുള്ള തുക റീക്കപ്പ് ചെയ്യതിന്റെ വിവരങ്ങൾ

2015-16 സാമ്പത്തിക വർഷത്തിൽ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷൻ ചാർജ്ജിനത്തിൽ തനത് ഫണ്ടിൽ നിന്നും 48,000/- രൂപ കെ.എസ്.ഇ.ബിക്ക് പഞ്ചായത്ത് അനുവദിച്ചിരുന്നു. പ്രോജക്റ്റ് നം. 25/16 പ്രകാരം എൽ.ഇ.ഡി ബൾബ് സ്ഥാപിക്കൽ (പദ്ധതി ഫണ്ട്-ജനറൽ) എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ടാണ് തുക നൽകിയിരിക്കുന്നത്. ഈ കാര്യാലയത്തിലെ 2015-16 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 3-6പ്രകാരം മേൽ തുക പദ്ധതി ഫണ്ടിൽ നിന്നും റീക്കപ്പ് ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശാനുസരണം ഓഡിറ്റ് കാലവയളവിൽ പ്രോജക്റ്റ് രൂപീകരിച്ചിട്ടിണ്ട്.വിശദവിവരങ്ങൾ :

| | |
|---|---|
| പ്രോജക്റ്റ് നം. | S0033/17 |
| പേര് | എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കൽ |
| അടങ്കൽ | 48,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | 48,000 |

2015-16 ൽ തനത് ഫണ്ടുപയോഗിച്ച് നടത്തിയ മേൽ പ്രവൃത്തിക്കുള്ള തുകയായ 48,000/- രൂപ ഓഡിറ്റ് കാലയളവിൽ 27.3.17 ലെ വൗച്ചർ നം.21600959 പ്രകാരം റീക്കപ്പ് ചെയ്തിട്ടുണ്ട്.

## 3-9 വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കലിന് അനുവദിച്ച തുകക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം. | S0146/17 |
| പേര് | കെ.എസ്.ഇ.ബി. ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | 2,50,000/-<br>അടങ്കൽ<br>പൊതുവിഭാഗം (സാധാരണ)<br>വിഹിതം – 100000<br>ലോക ബാങ്ക്<br>സഹായം – 150000<br>----------<br>250000<br>---------- |
| ചെലവ് | 2,48,964/- |
| നിർവ്വഹണം | സെക്രട്ടറി |

മേൽ വിഹിതം കെ.എസ്.ഇ.ബി യിലേക്ക് വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കലിനായി (ഡെപ്പോസിറ്റ് വർക്ക്) അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ :

| വൗച്ചർ നം./ തീയ്യതി | ചെക്ക് നം. | തുക | നിർവ്വഹണ ഏജൻസി | പ്രവൃത്തി |
|---|---|---|---|---|
| 21601008<br>31.3.2017 | ഓൺലൈൻ മുഖേന<br>(അക്കൗണ്ട് 67034891217) | 98,964/- | എ.ഇ. കെ.എസ.ഇ.ബി.,<br>പാട്ടൂർ | വൈദ്യുതി<br>ലൈൻ ദീർഘിപ്പിക്കൽ |
| 21601009<br>31.3.2017 | ഓൺലൈൻ മുഖേന<br>(അക്കൗണ്ട് 67034891217 | 1,50,000/- | എ.ഇ. കെ.എസ.ഇ.ബി.,<br>പാട്ടൂർ | " |
| ആകെ | | 2,48,964 | | |

മേൽ പ്രവൃത്തി പൂർത്തീകരിച്ച രേഖയും, ധനവിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ച് പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 കന്നുകുട്ടി പരിപാലന പദ്ധതി വിഹിതം അനുവദിച്ചതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രാജക്റ്റ് നം : SO105/17

പേര് : പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

അടങ്കൽ :

| | | |
|---|---|---|
| സംസ്ഥാന വിഹിതം | 25% | 6,25,000/- |
| വികസന ഫണ്ട് | 25% | 6,25,000/- |
| ഗുണഭോക്തൃ വിഹിതം | 50% | 12,50,000/- |
| ആകെ | 100% | 25,00,000/- |

ചെലവ് : 4,68,750/-(വികസന ഫണ്ട്)

| ബിൽ നം / തീയതി | തുക | അസിസ്റ്റന്റ് ഡയറക്ടർക്ക് തുക കൈമാറിയ തീയതി |
|---|---|---|
| 1/2016-17 /29/3/17 | 4,68,750/- | 28/3/2017 |

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം 75 ഗുണഭോക്താക്കൾക്ക് കന്നുകുട്ടി പരിപാലനത്തിനായുള്ള പദ്ധതി വിഹിതമായ 4,68,750/- രൂപ (75*6250 ) പാലക്കാട് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അസിസ്റ്റന്റ് ഡയറക്ടർക്ക് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം : 714021400000008 ലേക്ക് ഓൺലൈൻ മുഖേന കൈമാറിയിട്ടുണ്ട്. പദ്ധതി വിഹിതത്തിനുള്ള ധനവിനിയോഗ രേഖ ഓഡിറ്റ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കുകയുണ്ടായില്ല. പ്രസ്തുത സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-11 തെരുവ് വിളക്കുകളുടെ പരിപാലനം

12-03-2013 ലെ സ.നം.,65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കൾക്കുള്ള വൈദ്യുതി ചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തില്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, കത്തുന്ന സമയം എന്നിവ ആധാരമാക്കി നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ആയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

ജൂൺ 2017 ലെ താരിഫ് റിവിഷൻ കാർഡ് പ്രകാരം :

| ക്രമ നം. | തരം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ബൾബ് | 136 | 66 | 8976 |
| 2 | സി.എഫ്.എൽ | 177 | 32 | 5664 |
| 3 | സോഡിയം വേപ്പർ ലാമ്പ് | 49 | 447 | 21903 |
| | ആകെ | | | 36543 |

2016-17 ൽ പഞ്ചായത്ത് അടച്ച വൈദ്യുതി ചാർജ്ജ് 12,72,490/- രൂപയാണ്. മേൽ പട്ടികയിൽ നിന്നും സോഡിയം വേപ്പർ ലാമ്പിന് പകരം താരതമ്യേന വൈദ്യുതി ഉപഭോഗം കുറഞ്ഞതും, ഈട് നിൽക്കുന്നതുമായ സി.എഫ്.എൽ ലാമ്പോ എൽ.ഇ.ഡി ലാമ്പോ ഉപയോഗിക്കുകയാണെങ്കിൽ അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിൽ നല്ലൊരു ശതമാനം കുറവ് കൈവരിക്കുവാൻ സാധിക്കുമെന്ന് മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ നിർദ്ദേശം പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മീറ്ററിംഗ് സംവിധാനത്തിന്റെ അഭാവത്തിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കുകയാണെങ്കിൽ ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത്

വൈദ്യുതി ചാർജ്ജ് അടയ്ക്കേണ്ട സാഹചര്യം സൃഷ്ടിക്കും. ആയത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യതയും/സുതാര്യതയും കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും, തരവും പഞ്ചായത്ത് അധികൃതരും കെ.എസ്.ഇ.ബി.യും സംയുക്തമായി പരിശോധിച്ച് നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല. KSEB യുമായി സംയുക്ത പരിശോധനയിലൂടെ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം/തരം എന്നിവ നിർണ്ണയിച്ച് ഓരോ മീറ്റർ പോയിന്റിനും ഒരു കൺസ്യൂമർ നമ്പർ വീതം അനുവദിക്കുവാനുള്ള നടപടികളും സ്വീകരിച്ചാൽ പഞ്ചായത്ത് അടവാക്കുന്ന വൈദ്യുതിചാർജ്ജിനത്തിൽ ഗണ്യമായ കുറവ് കൈവരിക്കുവാൻ സാധിക്കും. ആയതിനാൽ മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-12 എസ്.സി. ഭവന നിർമ്മാണ പദ്ധതി വിഹിതം ഭാഗികമായി കൈപ്പറ്റി പണി പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജകറ്റ് നം. | S0030/17 |
| പേര് | എസ്.സി. ഭവന നിർമ്മാണം |
| അടങ്കൽ | 5,00,000/- (എസ്.സി.പി) |
| ചെലവ് | 80,000/- |
| ബിൽ നം. /തീയ്യതി | 8/16-17/16/11/16- 80000/- |
| ബിൽ നം. /തീയ്യതി | 13/16-17/28/1/17- 60000/- |

പദ്ധതി വിഹിതം ഭാഗികമായി കൈപ്പറ്റി പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു :

| പേര് | നാളിതുവരെ കൈപ്പറ്റിയ തുക | അക്കൗണ്ട് നം. (ഓൺലൈൻ മുഖേന) | പൂർത്തിയാക്കിയ പണി |
|---|---|---|---|
| ദേവു, w/o കൃഷ്ണൻ, ചേലക്കാട്ട്കുന്ന്, തരൂർ | 1,40,000/- | 654502010005622<br>യൂണിയൻ ബാങ്ക്,<br>തരൂർ. | ചുമർ പണി |
| ദേവു, w/o അയ്യപ്പൻ, പുള്ളിപ്പറമ്പ്, തരൂർ | 1,80,000/- | 0739101039352<br>കാനറ ബാങ്ക്, ആലത്തൂർ | വാർപ്പ് പണി |
| ആകെ | 3,20,000/- | | |

എസ്.സി. ഭവന നിർമ്മാണ പദ്ധതി നടപ്പ് വർഷമായ 2017-18 ൽ നിലവിലില്ലാത്തതിനാൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പണി

പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വി.ഇ.ഒ ഓഡിറ്റ് വേളയിൽ അറിയിച്ചിട്ടുണ്ട്. സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 3-13 കുടിവെള്ള വിതരണവും വെള്ളക്കരവും സംബന്ധിച്ച്

പഞ്ചായത്തിന്റെ അധീനതയിൽ നിലവിൽ 9 കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്.ആയതിന്റെ വിശദവിവരങ്ങൾ :

| ക്രമ നം. | കുടിവെള്ള പദ്ധതികൾ |
|---|---|
| 1 | തോട്ടിൻപാല |
| 2 | തരുർ |
| 3 | കുന്നംപുറം |
| 4 | കുരുതികോട് |
| 5 | പഴമ്പാലക്കോട് |
| 6 | അരിയശ്ശേരി |
| 7 | നെല്ലുകുതംകുളം |
| 8 | ചേരിക്കൽ |
| 9 | മരുതകോട് |

ഓഡിറ്റ് കാലയളവിൽ ഇവയ്ക്കുള്ള വൈദ്യുതി ചാർജ്ജായി പഞ്ചായത്ത് 13,71,140/- രൂപ അടവാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ 860 ഗാർഹിക കണക്ഷനുകളും 194 ഗാർഹികേതര കണക്ഷനുകളും അനുവദിക്കപ്പെട്ടിട്ടുണ്ട്. ജല അതോറിറ്റിയുടെ സഹായത്തോടെ പ്രവർത്തന പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണമോ, ആയതിൽ പ്രവർത്തനക്ഷമമായതിന്റെ കണക്കുകളോ പഞ്ചായത്ത് സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടില്ല. ആയതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ടെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ജല അതോറിറ്റി മാത്രം നിശ്ചയിച്ച 267 പൊതുടാപ്പുകൾക്കായി ഓഡിറ്റ് കാലയളവിൽ ജൂൺ മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം 1,44,337/- രൂപ പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. വെള്ളക്കരം അടവാക്കുന്നതുമായി ബന്ധപ്പെട്ട് 28.09.2011ലെ ജി.ഒ. (ആർ.ടി) 2242/2011/തസ്വഭവ പ്രകാരം പ്രകാരം സർക്കാർ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. സംയുക്ത പരിശോധന നടത്താത്ത ത.ഭ., സ്ഥാപനങ്ങൾ രണ്ടാഴ്ച്ചയ്ക്കകം ആയതിന് വാട്ടർ അതോറിറ്റിക്ക് രേഖാമൂലം കത്ത് നൽകണം.വാട്ടർ അതോറിറ്റി ഒരാഴ്ച്ചയ്ക്കകം പരിശോധന നടത്തണം.

2. വാട്ടർ അതോറിറ്റി സംയുക്ത പരിശോധന സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർക്ക്

റിപ്പോർട്ട് നൽകണം.

3. സംയുക്ത പരിശോധനയ്ക്ക് ആവശ്യപ്പെട്ടിട്ടും ആയത് വാട്ടർ അതോറിറ്റി നടത്തിയിട്ടില്ലെങ്കിൽ വെള്ളക്കരക്കുടിശ്ശിക ഗ്രാന്റുകളിൽ നിന്നും അടവാക്കുവാൻ പാടുള്ളതല്ല.
4. മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് തർക്ക പരിഹാരത്തിനായി പഞ്ചായത്ത് ഡയറക്ടർ കൺവീനറായി കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്.

സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവയായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയ ശേഷം ആയതിന് മീറ്റർ ഘടിപ്പിക്കുവാനുള്ള നടപടികൾ കൂടി സ്വീകരിക്കുകയാണെങ്കിൽ അടവാക്കപ്പെടുന്ന വെള്ളക്കരത്തിൽ ഗണ്യമായ കുറവ് കൈവരിക്കുവാൻ സാധിക്കുമെന്നതിനാൽ ഈ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിരിക്കേണ്ടതാണ്. ഗാർഹിക/ഗാർഹികേതര കുടിവെള്ള കണക്ഷനുകൾക്ക് പ്രതിമാസം 50/- രൂപ നിരക്കിൽ പഞ്ചായത്ത് നിലവിൽ ഈടാക്കി വരുന്നുണ്ട്.വൈകി അടവാക്കുന്ന വെള്ളക്കരത്തിന് പിഴപലിശയായി പ്രതിമാസം 5/- രൂപ ഈടാക്കുന്നുണ്ട്. വെള്ളക്കര വർദ്ധനവ് അവസാനം നടത്തിയത് സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ നിലവിലില്ല.ഗാർഹിക കണക്ഷനുകൾക്ക് 2000/- രൂപ നിരക്കിലും ഗാർഹികേതര കണക്ഷനുകൾക്ക് 3000/- രൂപ നിരക്കിലും ഡെപ്പോസിറ്റ് വാങ്ങിവരുന്നുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള കണക്ഷനുകളിൽ നിന്നും ഈടാക്കുന്ന വെള്ളക്കരത്തിന്റെ വിശദവിവരങ്ങൾ :

| കറണ്ട് ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 6,31,800 | 2,90,239 | 3,41,561 |

2016-17 ലെ അരിയർ ബാലൻസ് - 6,05,500/- രൂപ, അരിയർ ഡിമാന്റ് നോട്ടീസ് അയച്ച് പ്രസ്തുത തുകകൾ ഈടാക്കി വരുന്നു. കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് നിയമാവലി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ച് വരുന്നതേയുള്ളൂ. പദ്ധതികളുടെ നടത്തിപ്പിനായി 5 പമ്പ് ഓപ്പറേറ്റർക്ക് പ്രതിവർഷം അനുവദിക്കുന്ന വേതനം 4,49,475/-രൂപയാണ്. മേൽ സൂചിത വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് നടത്തിവരുന്ന പദ്ധതികൾക്കായുള്ള ചെലവുകൾ വെള്ളക്കരമിനത്തിൽ പഞ്ചായത്തിന് ലഭ്യമാവുന്ന തുച്ഛമായ വരവുകളുമായി താരതമ്യ പഠനം നടത്തിയാൽ പഞ്ചായത്തിന് ഭീമമായ നഷ്ടമാണ് സംഭവിച്ച് കൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ പൊതുടാപ്പുകളെ ഗാർഹിക/ഗാർഹികേതര കണക്ഷനുകളാക്കി മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല. കുടിവെള്ള പദ്ധതികൾ ഘട്ടം, ഘട്ടമായി ഗുണഭോക്തൃ സമിതികൾക്ക് കൈമാറുകയാണെങ്കിൽ പഞ്ചായത്തിന് പിന്നീട് ഇവയ്ക്കുള്ള പരിപാലന ചെലവുകളും, അറ്റകുറ്റപണികളും നിർവ്വഹിക്കേണ്ടതില്ല. ഇത്തരം ചെലവുകൾ പിന്നീട് ഗുണഭോക്തൃ

ഗ്രൂപ്പുകളാണ് വഹിക്കേണ്ടത്. ഇതിലൂടെ പഞ്ചായത്തിന് ഈ മേഖലയിൽ ഉണ്ടാവുന്ന ഭീമമായ ചെലവ് ഗണ്യമായി കുറവാക്കുവാൻ സാധിക്കും. ആയതിനാൽ മേൽ സൂചിപ്പിച്ച ഓഡിറ്റ് നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

# 3-14 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | SO123/17 |
| പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1,00,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ചെലവ് | 1,00,000/- |
| ബിൽ നം. / തീയ്യതി | Cb1/2016-17/27/3/2017 |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോ, ആലപ്പുഴയിലേക്ക് മേൽ വിഹിതം മെഡിക്കൽ ഓഫീസർ 27.3.17 ന് ഓൺലൈൻ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (A/c നം. 34306403911).ആയതിനുള്ള കൈപ്പറ്റ് രശീതി (നം. 2984/13.5.17) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ നാളിത് വരെ മരുന്നുകൾ ഡിസ്പെൻസറിയിലേക്ക് ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിനുള്ള വിശദീകരണം ഓഡിറ്റ് വേളയിൽ ആവശ്യപ്പെട്ടിരുന്നു.ആയതിനുള്ള മറുപടിയിൽ മരുന്നുകളുടെ ഉല്പാദനകുറവും, കാലതാമസവുമാണ് കാരണമായി ഹോംകോ, അറിയിച്ചിട്ടുള്ളതെന്നാണ് മെഡിക്കൽ ഓഫീസർ വ്യക്തമാക്കിയിട്ടുള്ളത്. കത്തിടപാടുകളിലൂടെ വിതരണം ത്വരിതപ്പെടുത്തുവാനുള്ള നടപടികളും സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി ലഭ്യമായ മരുന്നുകളുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-15 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമായില്ല

തഴുർ ഗ്രാമ പഞ്ചായത്തിൽ പോഷകാഹാര വിതരണത്തിന്റെ ഭാഗമായി അങ്കണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ ഓഡിറ്റ് കാലയളവിൽ ഒരു തവണ മാത്രമേ (25.11.16ന്) ചെന്നയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ. ആയതിന്റെ ലാബ് റിപ്പോർട്ട് ലഭ്യമായിട്ടില്ല. സാമൂഹ്യ

ക്ഷേമ ഡയറക്ടറുടെ 18.12.2010 തിയ്യതിയിലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫാസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ഭക്ഷ്യമിശ്രിതത്തിന്റെ സാമ്പിളുകൾ ലാബിലേക്ക് അയച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-16 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 25 |
| 2 | ജീവനക്കാരുടെ എണ്ണം (വർക്കർ,ഹെൽപ്പർ) | 25,25 |
| 3 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 9 |
| 4 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 25 |
| 5 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | ഇല്ല |
| 6 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | ഇല്ല |
| 7 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 10 |
| 8 | ഫാൻ ഇല്ലാത്തവ | 04 |
| 9 | ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് ഇല്ലാത്തവ | 25 |
| 10 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | ഇല്ല |
| 11 | ചുറ്റ് മതിൽ ഇല്ലാത്തവ | 2 |
| 12 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 5 |
| 13 | ധാന്യ സംഭരണികൾ ഇല്ലാത്തവ | ഇല്ല |

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെ പറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.
2. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ്,

എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റ് മതിലിൽ പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

4. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്ക് എടുക്കുവാൻ പാടുള്ളൂ.

കൂടാതെ അങ്കണവാടികളിലെ ഭൗതിക സാഹചര്യം വിലയിരുത്തി തയാറാക്കിയ മേൽ സൂചിത പട്ടികയിൽ ചൂണ്ടി കാണിച്ചിരിക്കുന്ന മറ്റ് പോരായ്മകൾ കൂടി ദൂരീകരിക്കുവാനുള്ള പരിഹാര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 337500/- | ഉഴവുകൂലി | - | 337500/- |
| ജില്ലാ പഞ്ചായത്ത് | 2016-17 | 787500 | “ | 787500 | - |
| ആകെ | | 1125000/- | | 787500 | 337500/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ ദീർഘിപ്പിക്കൽ | ട്രാൻസ്ഫർ | 248964/- | - | ഇല്ല. | 248964/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2014-15 | 5.7.6 | മൃഗസംരക്ഷണവും ക്ഷീരവികസനവും അവലോകനം | ബഹു. നിയമസഭാ സമിതി വിഷയം പരിഗണിച്ചിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52987745 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49375322/- |
| വരവിനങ്ങളിലുള്ള നഷ്ടം | 2500/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 300000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1(1) | 2500 | - | ശ്രീമതി. അനുപമ, സെക്രട്ടറി |
| ആകെ | 2500 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 300000/- | ശ്രീമതി. വള്ളിദൈവാനി എച്ച്.എം |
| ആകെ | 30000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനുപമ സെക്രട്ടറി | സെക്രട്ടറി | ശ്രീമതി. അനുപമ കോരിയാർചള്ള കന്നിമാരി (പി.ഒ) ചിറ്റൂർ – 678534 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
| 1997-98 | എൽ.എഫ്.പി10-34/03/ 13-2-03 | നഷ്ടം ഈടാക്കുന്നതിനായി ഡിഡിപി യെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള കത്ത്. |
| 1998-99 | എൽ.എഫ്.പി10-210/02/ 19-3-02 | ഫർദർ റിമാർക്സ് |
| 1999-2000 | എൽ.എഫ്.പി10-211/02/ 17-3-02 | സർചാർജ്ജ് ശുപാർശ |
| 2000-01 | എൽ.എഫ്.പി10-203/05/ 7-10-06 | ഫർദർ റിമാർക്സ് |
| 2001-02 | എൽ.എഫ്.പി10-167/08/ 17-04-09 | ഫർദർ റിമാർക്സ് |
| 2002-03 | എൽ.എഫ്.പി10-1091/09/ 21-07-10 | ഫർദർ റിമാർക്സ് |
| 2003-04 | എൽ.എഫ്.പി10-1092/09/ 19-07-10 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ്.പി10-1093/09/ 19-07-10 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ്.പി10-1094/09/ 16-01-11 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി10-1692/11/ 23-11-12 | ഫർദർ റിമാർക്സ് |
| 2007-08 | എൽ.എഫ്.പി10-1091/11(1)/ 23-11-12 | ഫർദർ റിമാർക്സ് |
| 2008-09 | എൽ.എഫ്.പി10-1091/11(2)/ 23-11-12 | ഫർദർ റിമാർക്സ് |
| 2009-10 & 2010-11 | എൽ.എഫ്.പി10-1774/13/ 23-11-13 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി10-2173/14/ 5-3-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി10-852/15/ 3-6-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 &2014-15 | കെ.എസ്.എ. പി.കെ.ഡി. 10/1366/16/28-7-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ. പി.കെ.ഡി. 10/27/2017/30-12-2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

# അനുബന്ധം 1

നം.കെ.എസ്.എ-പികെഡി10/1896/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -02.11.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. വസ്തുനികുതി, ബിൽഡിംഗ് പെർമിറ്റ്, റഗുലറൈസേഷൻ രജിസ്റ്റർ, ന്യൂ ബിൽഡിംഗ് രജിസ്റ്റർ എന്നിവ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. തൊഴിൽ നികുതി രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവയിലെ തുകകൾ പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD10/1878/2017

Kerala State Audit Department

District Audit Office

Palakkad

Date –02.11.2017

## Audit Certificate

Certified that I have audited the Annual Financial Statement of Tarur Grama Panchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Tarur Grama Panchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.
2. Abstract not written in property tax register, building permit, Regularisation register, new building register and certified by the secretary.
3. The figures in the profession tax register and annual financial statement are different.

Deputy Director